**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 80** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ട്രോളിംഗ് നിരോധനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ

ശ്രീ. പി. പ്രസാദ്

ശ്രീ. ജി. ആർ. അനിൽ

ശ്രീ. കെ. കെ. വത്സരാജ്

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ട്രോളിങ് നിരോധനകാലത്ത് വറുതിയിലാകുന്ന മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് 1988 മുതൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി വരുന്നുണ്ട്. ആദ്യകാലങ്ങളിൽ 47 ദിവസമാണ് നിരോധനം ഏർപ്പെടുത്തിയിരുന്നതെങ്കിൽ 2018 മുതൽ 52 ദിവസമാക്കി ട്രോളിംഗ് നിരോധന കാലയളവ് ഉയർത്തിയിട്ടുണ്ട്. യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങൾക്കാണ് പ്രധാനമായും നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇത് ബാധകമല്ല. ട്രോളിംഗ് നിരോധനം മൂലം തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ഈ വർഷത്തെ ഗുണഭോക്തൃ വിഹിതമായി 1500/- രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** ട്രോളിംഗ് നിരോധന കാലത്ത് കടലിൽ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** ട്രോളിംഗ് നിരോധന കാലത്ത് കടലിൽ പോകുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 9 തീരദേശ ജില്ലകളിലെയും ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് കടൽ പട്രോളിംഗിനും കടൽ രക്ഷാ പ്രവർത്തനങ്ങൾക്കുമായി 20 യന്ത്രവത്കൃത ബോട്ടുകളും 3 ഫൈബർ വള്ളങ്ങളും വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നുണ്ട്. ഇതു കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള 9 ഫൈബർ വള്ളങ്ങളും 9 തീരദേശ ജില്ലകളിലായി

സജ്ജീകരിച്ചിട്ടുണ്ട്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിച്ച് കരയിലെത്തിച്ച് അടിയന്തിര മെഡിക്കൽ പരിചരണം നൽകുന്നതിനായി വിഴിഞ്ഞം വൈപ്പിൻ എന്നി ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് രണ്ട് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ട്. മത്സ്യ തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്, സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെ 15 പ്രധാന ഹാർബറുകളിലായി 100 'സീ റെസ്ക്യൂ സ്ക്വാഡുകൾ' താത്കാലിക അടിസ്ഥാനത്തിൽ നിയമിച്ചു പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ റെസ്ക്യൂ ബോട്ടുകളിൽ കടൽ രക്ഷാ പ്രവർത്തനം നടത്തുന്നതിയായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോട്സിൽ കടൽ രക്ഷാപ്രവർത്തനത്തിൽ ട്രെയിനിംഗ് ലഭിച്ചിട്ടുള്ള 80 ലൈഫ് ഗാർഡ് മാരെ താത്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ട്രോൾ ബാൻ കാലയളവിൽ കടൽ രക്ഷാ പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ ഫിഷറീസ് വകുപ്പ്, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവർ ഏകോപനത്തോടെ പ്രവർത്തിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യത്തിൽ രക്ഷാ പ്രവർത്തനം നടത്താൻ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ് എന്നിവർ സജ്ജമായിരിയ്ക്കണം എന്ന് ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഇന്ത്യൻ നേവി എന്നീ സുരക്ഷാ ഏജൻസികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**(സി)** ട്രോളിംഗ് നിരോധന കാലത്ത് ആധുനിക സൗകര്യങ്ങളുള്ള വിദേശ ട്രോളറുകൾ കേരളതീരത്ത് മത്സ്യബന്ധനം നടത്തുന്നത് നിയന്ത്രിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** വിദേശ രാജ്യങ്ങളിൽ നിന്നുള്ള അത്യാധുനിക സംവിധാനങ്ങളുള്ള ട്രോളറുകൾ 12 നോട്ടിക്കൽ മൈലിന് പുറത്ത് EEZ ൽ 2018 വരെ മത്സ്യബന്ധനം നടത്തിയിരുന്നു. എന്നാൽ 2018 ൽ കേന്ദ്ര സർക്കാർ വിദേശ യാനങ്ങൾക്ക് നൽകിയിരുന്ന LOP കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ ആവശ്യവും കോടതി വിധിയും പരിഗണിച്ചു നിർത്തലാക്കിയതോടെ ഇത്തരത്തിലുള്ള മത്സ്യബന്ധനം അവസാനിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി നിരന്തരം കടലിൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിനായി 9 തീരദേശ ജില്ലകളിലായി 9 ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചുവരുന്നു.

**(ഡി)** മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകളിന്മേൽ ട്രോളിംഗ് നിരോധന കാലത്ത് മൊറട്ടോറിയം ഉൾപ്പെടെയുള്ള സാമ്പത്തികാശ്വാസം അനുവദിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ദേശീയ സഹകരണ വികസന കോർപ്പറേഷൻ (NCDC), ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂന പക്ഷ വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NMDFC) എന്നീ സ്ഥാപനങ്ങളുടെ ധന സഹായത്തോടുകൂടി മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിയ്ക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ മത്സ്യഫെഡ് വഴി നൽകി വരുന്നു. ട്രോളിംഗ് നിരോധന കാലത്ത് പരമ്പരാഗത മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടില്ല. മത്സ്യത്തൊഴിലാളികൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകളിന്മേൽ ട്രോളിംഗ് നിരോധന കാലത്ത് മൊറോട്ടോറിയം ഉൾപ്പെടെയുള്ള സാമ്പത്തികാശ്വാസം അനുവദിക്കുന്ന കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ഇ)** ട്രോളിംഗ് നിരോധന കാലത്തും മത്സ്യം സുലഭമായി പ്രാദേശിക വിപണികളിൽ ലഭ്യമാക്കുന്നതിന് വേണ്ടി ഉൾനാടൻ ശുദ്ധജല മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് വേണ്ടി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

**മറുപടി:**

ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പുഴകളിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഉൾനാടൻ ജല ആവാസ സംരക്ഷണവും സംയോജിത മത്സ്യവിഭവ പരിപാലനവും എന്ന പദ്ധതിയും ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്ട് മുഖേന റിസർവോയറുകളിൽ മത്സ്യവിത്ത് നിക്ഷേപം നടത്തിയിട്ടുണ്ട്. ട്രോളിംഗ് നിരോധന കാലയളവിൽ ജനങ്ങൾക്ക് ശുദ്ധമായതും മായം ചേർക്കാത്തതുമായ മത്സ്യം ലഭ്യമാക്കുന്നതിനായി ഉൾനാടൻ മത്സ്യകൃഷി പദ്ധതികൾ വഴി ഉല്പാദിപ്പിക്കുന്ന മത്സ്യം വിളവെടുപ്പ് നടത്തി വിപണനം ചെയ്യുന്നതിനായി ജില്ലകൾക്ക് നിർദ്ദേശം നൽകുകയും ആയതിൻ പ്രകാരം ജില്ലകൾ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**